രൂപം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തൊഴിൽ തർക്കംമൂലവും അല്ലാതെയും അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വ്യവസായ വകുപ്പുമന്ത്രി നേരത്തെ കോൺഫറൻസുകൾ വിളിച്ചുകൂട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചർച്ചകൾ തുടരുകയാണ്. കണ്ണൂരിലെ തിരുവേപ്പതി മില്ലിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ഈ മാസം 31-ാം തീയതി ഒരു കോൺഫറൻസ് വിളിച്ചിട്ടുണ്ട്. തൊഴിലാളികൾക്കർഹമായ പി.എഫ്., ഇ.എസ്.ഐ ആനുകൂല്യങ്ങൾ എന്നിവ തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പി.എഫ്. കമ്മീഷണറും ഇ.എസ്.ഐ ഡയറക്ടറും സ്വീകരിച്ചുവരുന്നുണ്ട്. മിനിമം വേജസ് ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ശമ്പള കുടിശ്ശിക ആറുമാസം വരെയുള്ളത് വീണ്ടെടുത്ത് നൽകുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. 1972-ലെ ഗ്രാറ്റുവിറ്റി നിയമപ്രകാരം തൊഴിലാളികൾക്ക് ലഭിക്കാനുള്ള ഗ്രാറ്റുവിറ്റി നൽകുന്നതിനുള്ള നടപടികൾ ജില്ലാ ഓഫീസർമാർ അടിയന്തിരമായി സ്വീകരിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ തുടർന്നുവരുന്നു. ദീർഘനാളുകളായി അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ശമ്പളമിനത്തിൽ കിട്ടാനുള്ള കുടിശ്ശികതുക ഈടാക്കികൊടുക്കുന്നതിന് റവന്യൂ റിക്കവറി തുടങ്ങിയ നടപടികൾ തൊഴിൽ വകുപ്പ് ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചുവരുന്നുണ്ട്. തൊഴിൽ നഷ്ടപ്പെട്ടവർക്ക് സർക്കാരിന്റെ ഇതര സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നൽകാൻ സാധ്യമല്ല. സർക്കാർ സ്ഥാപനങ്ങളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ നിലവിലുള്ള നിയമന ചട്ടങ്ങൾ പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്. വർക്കേഴ്സ് കാറ്റഗറിയിലുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിവരുന്നുണ്ട്. ദീർഘനാളുകളായി അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളിലെ സ്ഥാവരജംഗമ വസ്തുക്കൾ കണ്ടുകെട്ടി അതിൽനിന്ന് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സാധ്യതകളെക്കുറിച്ച് ഇതിന്റെ നിയമപരമായ വശങ്ങളെക്കുറിച്ചും സർക്കാർ പരിശോധിക്കുന്നതാണ്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, ഇവിടെ അവതരിപ്പിച്ച ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇവർക്ക് ആശ്വാസം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്ന് പറഞ്ഞു. ഈ പ്രശ്നങ്ങളെല്ലാം ഉൾപ്പെടുത്തികൊണ്ട്, ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു തൊഴിൽകാര്യ കമ്മീഷനെ കേരള സംസ്ഥാനത്ത് രൂപീകരിക്കാൻ മുൻകൈ എടുക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : അത് ആലോചിച്ചിട്ട് പറയാം.

2. വ്യാജമദ്യ വില്പന തടയേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, ഈ സംസ്ഥാനം നേരിടുന്ന അതീവ ഗുരുതരമായ ഒരു വിഷയത്തിൽ ഗവൺമെന്റിന്റേയും എക്സൈസ് വകുപ്പുമന്ത്രിയുടേയും അടിയന്തിര ശ്രദ്ധയുണ്ടാകണമെന്ന ആവശ്യമാണ് എന്റെ ഈ ശ്രദ്ധക്ഷണിക്കൽ. കേരളത്തിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി നടക്കുന്ന വ്യാജവാറ്റും, വ്യാജമദ്യനിർമ്മാണവും അതിന്റെ വിപണനവും കേരളത്തിന്റെ സാമൂഹ്യ മന:സാക്ഷിയെതന്നെ മരവിപ്പിച്ചിരിക്കുകയാണ്. ഇതിനെതിരായി ശക്തമായ നടപടികൾ സ്വീകരിക്കേണ്ട ഗവൺമെന്റ് പിന്തിരിഞ്ഞുനിൽക്കുന്നു. അല്ലെങ്കിൽ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന നീതി നിറവേറ്റുന്ന കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ പരാജയപ്പെട്ട ഒരു സാഹചര്യമാണ് കേരളത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. സാക്ഷര കേരളത്തിന്റെ സാമൂഹ്യ മനസാക്ഷി മരവിച്ച് നിൽക്കുയാണ്. മദ്യലോബിയുടെ പണത്തിന്റേയും കൈ ഊക്കിന്റേയും പിടിയിൽ കേരളം പാടേ അമർന്നിരിക്കുകയാണ്. വ്യാപകമായ ആക്രമം, കൊലപാതകം, സംഘട്ടനം ഇവയൊക്കെ ഇതിന്റെ പേരിൽ നടക്കുകയാണ്. കേരളത്തിലെ സൈര്യജീവിതം പാടെ തകർന്നിരിക്കുന്നു. മനുഷ്യ മന:സാക്ഷി വിറങ്ങലടിച്ച് നിൽക്കുകയാണ്. കള്ളപ്പണത്തിന്റേതായ ഒരു സമ്പദ്ഘടന ഇതിന്റെ ഫല മായി കേരളത്തിലുണ്ടായിരിക്കുകയാണ്. പാവപ്പെട്ട ആളുകൾ നിത്യവൃത്തി കഴിക്കാൻ കിട്ടുന്ന ശമ്പളംകൊണ്ട് ചന്തയിൽ പോയാൽ അമിതപണമുണ്ടാ ക്കുന്ന ഈ ആളുകളുടെ ഇടപെടൽ കാരണം സാധാരണ സാധന ങ്ങൾപോലും വാങ്ങാൻ കഴിയാത്ത സാഹചര്യമാണ് കേരളത്തിൽ ഇന്നുണ്ടാ യിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിൻമേൽ വ്യാജമദ്യ ലോബിയുടെ കറുത്ത നിഴൽ വീണിട്ട് മൂന്ന് നാല് വർഷമായി. എതിർക്കാൻ കഴിയാത്ത വിധത്തിൽ ഈ ലോബി കരുത്താർജ്ജിച്ചിരിക്കുകയാണ്. ഇതിന് ശക്തമായ നടപടികൾ ഉണ്ടാകണം. പണവും ആയുധവും ആൾക്കരുത്തും കൊണ്ട് അത് കരുത്താർജ്ജിച്ചിരിക്കുന്നു. നിയമത്തെപ്പോലും കുപ്പിയിലാക്കി യിരിക്കുകയാണ്. ഇവരുടെ ശക്തിയുടെ മുമ്പിൽ തോക്ക്, ലാത്തി, തൊപ്പി തുടങ്ങിയവ നിശ്ശബ്ദമാണ്. നിയമപാലകന്മാരുടെ പ്രവർത്തനം മരവിപ്പിച്ചിരി ക്കുയാണ്. ഇപ്പോൾ അവർക്ക് ആക്റ്റ് ചെയ്യാൻ നിവൃത്തിയില്ല. ഗവൺമെന്റിന്റെ സ്വാധീനവും രാഷ്ട്രീയ ഇടപെടലുമാണ് ഇതിന്റെ പ്രധാന ഘടകം. ഞാൻ ഇത് പറയുവാൻ കാരണം കേരളത്തിൽ നിലനിൽക്കുന്ന വ്യാജമദ്യത്തിന്റെ പേരുകൾ കാലാപാനി, ആനമയക്കി, ഭാര്യമർദ്ദിനി, തുളസീ തീർത്ഥം, സന്ധ്യാമയങ്ങി, കേരള വീരൻ എന്നൊക്കെയാണ്. എന്റെ പഞ്ചാ യത്തായ അംബൂരി തമിഴ്നാട് അതിർത്തിയിലാണ്. അവിടെ ചക്കരത്തണ്ണി എന്നാണ് പറയുന്നത്. അങ്ങ് ക്ഷമിക്കണം. ഇതിന്റെ പ്രധാന കാരണം ഗവൺമെന്റിന്റെ കുറ്റകരമായ അനാസ്ഥയാണ്. സംഭവമുണ്ടാകുമ്പോൾ കൃത്യ മായി നടപടി സ്വീകരിച്ച് നിയമപരമായി ശിക്ഷിക്കാൻ ഗവൺമെന്റിന് കഴിയു മായിരുന്നെങ്കിൽ ഇങ്ങനെയുണ്ടാകുമായിരുന്നില്ല. ഭരിക്കുന്ന ആളുകൾ ഇതിന് കൂട്ടുനിന്നാലോ? കഴിഞ്ഞ വർഷം വഴുതക്കാട് ജംഗ്ഷനിൽ ഒരു ടാങ്കർ ലോറി പാർക്ക് ചെയ്തു. ഒരു ഫ്ളൈയിംഗ് സ്കാഡ് അതുവഴി പോയപ്പോൾ ആ ലോറിയിലെ ഡ്രൈവറും അതിലെ ജീവനക്കാരനും എടുത്തുചാടി ഓടി. പോലീസ് പുറകേ ഓടി പിടിച്ചു. ചോദ്യം ചെയ്തപ്പോൾ വ്യാജ സ്പിരിറ്റ് കട ത്തുന്ന ലോറിയാണ് അത് എന്ന് മനസ്സിലായി. ചെന്നൈ സാമ്രാജ്യം എന്നറി യപ്പെടുന്ന തിരുവനന്തപുരം സിറ്റിയിലെ പ്രമുഖമായ വ്യാജ ചാരായം കട ത്തുന്ന ആളിനുവേണ്ടിയാണ്. അയാളുടെ ഗോഡൗണിലേയ്ക്കാണ് സ്പിരിറ്റ് വന്നത്. അങ്ങ് മനസ്സിലാക്കണം. ഇക്കാര്യത്തിൽ ശക്തമായ നടപടി ഗവൺമെന്റ് എടുത്തോ? എന്തു സംഭവിച്ചുവെന്നോ? പോലീസിന്റെയും എക്സൈസിന്റെയും അനാസ്ഥകാരണം അവർ ബാംഗ്ളൂർ ഹൈക്കോടതി യിൽ പോയി മുൻകൂർ ജാമ്യവുമായി ഇവിടെ വന്നു. അവർ ഇപ്പോഴും തിരുവ നന്തപുരം പട്ടണത്തിൽ വിലസി നടക്കുകയാണ്. അങ്ങയുടെ ഭരണ സിരാ കേന്ദ്രത്തിന്റെ, സെക്രട്ടറിയേറ്റിന്റെ മൂക്കിനു താഴെയാണ് ഈ സംഭവം നടന്ന ത്. ആ കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ അതുണ്ടാകുമായിരുന്നോ? അതുപോലെതന്നെ കല്ലറ സംഭവം. അങ്ങേയ്ക്കറി യാമല്ലോ കല്ലറയിൽ ലൈസൻസുള്ള മദ്യ വ്യാപാരികളുടെ ഗുണ്ടകളും എക്സൈസും കൂടി റെയിഡിന് പോയ കാര്യം. പാവപ്പെട്ട ഒരു ഫർണിച്ചർ

LIBRARY ARCHIVES Kerala Legislative Assembly

കടക്കാരനായ തച്ചോളം ബാലൻ എന്നയാൾ കടയും പൂട്ടി കാശ് മടിയിൽവച്ചുകൊണ്ട് വരികയായിരുന്നു. അദ്ദേഹത്തിന്റെ മടിശ്ശീല വീർത്തിരുന്നു. അതിൽ വ്യാജമദ്യമാണെന്നു പറഞ്ഞ് എക്സൈസുകാരും വാടക ഗുണ്ടകളും കൂടി നടുറോഡിലിട്ട് അയാളെ അടിച്ചു. നാട്ടുകാർ പ്രതികളെ പിടിച്ചു. എട്ട് എക്സൈസുകാരെ തടഞ്ഞുവച്ചു. ആർ.ഡി.ഒ സ്ഥലത്തുപോയി. അതിന്റെ ഫോട്ടോ എടുത്തു. ആ കേസ് എന്തായി? ഞാൻ പറയുന്നത് സംഭവമുണ്ടാകുമ്പോൾ ശക്തമായി നടപടി യഥാസമയത്തെടുത്തിരുന്നുവെങ്കിൽ ഇതിവിടെ നിയന്ത്രിക്കാൻ കഴിയുമായിരുന്നു എന്നാണ്. ആ കാര്യത്തിൽ ഗവൺമെന്റും അങ്ങയുടെ വകുപ്പും ദയനീയമായി പരാജയപ്പെട്ടു. ബാലരാമപുരം അതിർത്തി വ്യാജവാറ്റിന്റെ കേന്ദ്രമാണ്. അവിടെ വ്യാജവാറ്റ് നടക്കുന്നുവെന്ന് പോലീസ് എക്സൈസിന് അറിവ് കൊടുത്തു. എക്സൈസുകാർ പോയി വ്യാജവാറ്റുകാരെ പിടിച്ചു, കേസ് എടുത്തു എന്തു സംഭവിച്ചു? അതു ചൂണ്ടികാണിച്ചത് അവിടത്തെ റേഷൻ കടക്കാരനാണെന്ന് പറഞ്ഞുകൊണ്ട് ആ റേഷൻ കടക്കാരനേയും കുടുംബത്തേയും മൃഗീയമായി വാടകഗുണ്ടകൾ മർദ്ദിച്ചു. ആ കേസിലെ പ്രതികളായി രണ്ടു പോലീസുകാരുമുണ്ട്. ആ കേസ് എന്തായി? ഇതുവരെ അന്വേഷണം പോലും നടന്നിട്ടില്ല. അതുപോലെ പത്രത്തിൽ വായിച്ചില്ലേ, കൊട്ടാരക്കര ചിരട്ടക്കോണം എന്ന സ്ഥലത്ത് പെട്ടെന്ന് ഒരു മഴയുണ്ടായപ്പോൾ, അവിടെ തോട്ടിൽ വെള്ളം നിറഞ്ഞ് ഒഴുകിയപ്പോൾ പ്ലാസ്റ്റിക് കവറുകൾ വീടുകളിലേക്ക് ഒഴുകിവന്നു. ആളുകൾക്ക് അതിശയം. ഇത് എങ്ങനെ വന്നു? തോട് നിറഞ്ഞ് വെള്ളം കവിഞ്ഞപ്പോൾ തോടിന്റെ തൊട്ടടുത്ത വീടുകളിൽ ചാരായ പാക്കറ്റുകൾ. അവർ പോലീസിനെ വിവരമറിയിച്ചു. പോലീസുകാർ സ്ഥലത്തെത്തി. മനോരമ പത്രം റിപ്പോർട്ട് ചെയ്തത് എന്താണെന്നോ? "മാനം നോക്കി പോലീസ്" ഈ സംഭവത്തിലും കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. അതുപോലെ ആലപ്പുഴയിൽ എൽ.ഡി.എഫ്- ന്റെ മുൻ ജില്ലാ കൺവീനറുടെ ഉടമസ്ഥതയിലുള്ള ശ്രീ. ഗുരുവായൂരപ്പൻ ടയേഴ്സിൽനിന്നും 18.2.1999-ൽ നാലായിരും ലിറ്റർ സ്പിരിറ്റും പതിനയ്യായിരം ലിറ്റർ വ്യാജകള്ളും പിടിച്ചു. എന്തു സംഭവിച്ചു? രണ്ട് തൊഴിലാളികളെ അറസ്റ്റ് ചെയ്തു. ഇത്രതന്നെ, അവിടെ മറ്റൊരു നടപടിയുമില്ല. ഈ ഉടമയെ ശിക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെട്ടു. അതുപോലെ ഹരിപ്പാട് എക്സൈസ് ഓഫീസിൽ സൂക്ഷിച്ചിരുന്ന സ്പിരിറ്റ് ചെറിയ കന്നാസിലായി മാറ്റുന്ന സമയത്ത് അത് പൊട്ടിതെറിച്ച് രണ്ടുപേർക്ക് പരിക്കുപറ്റി. നടപടിയുണ്ടായോ? ഉണ്ടായില്ല. മുണ്ടയ്ക്കൽ പ്രദേശത്ത് എ.എസ്.പി. കവർ ചാരായം പിടിക്കാൻ പോയപ്പോൾ അവിടത്തെ സി.പി.ഐ(എം) ന്റെ നേതൃത്വത്തിൽ പോലീസിനെ ആക്രമിച്ചു, നടപടിയുണ്ടായോ? ഡി.വൈ.എഫ്.ഐ.യുടെ പത്തനാപുരം ഏരിയാ സമ്മേളനത്തിൽ വലിയ ബഹളമുണ്ടായി. അവിടത്തെ സി.പി.ഐ (എം) വാറ്റുകാരെ സഹായിക്കുന്നുവെന്ന കാര്യം ഡി.വൈ.എഫ്.ഐ യുടെ ഏരിയാ സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെട്ടു. അത് അങ്ങനെ ഒതുക്കുന്നു. സി.പി.ഐ(എം) -ലെ ഉന്നതർ ഇടപെട്ട് അന്വേഷണ കമ്മിഷനെവച്ച് തടിതപ്പി. ഞാൻ പറയുന്നത് ഡി.വൈ.എഫ്.ഐ പോലും വ്യാജവാറ്റിനെതിരെ ശക്തമായി രംഗത്തുവന്നിരിക്കുകയാണ്. അതുപോലെ ഇടമൺ റെയിൽവേ സ്റ്റേഷനുസമീപം വ്യാജമദ്യം കഴിച്ച് 30 പേർ ആശുപത്രിയിലായി. ആ സംഭവത്തിൽ തെന്മല പോലീസ് എടുത്ത കേസിൽ സി.പി.ഐ(എം) ലോക്കൽ കമ്മിറ്റി അംഗം പ്രതിയാണ്. കഴിഞ്ഞ ഏപ്രിൽ മാസം കോട്ടയത്തും കൂട്ടനാട്ടിലുമായി ഒൻപത് പേർ മരിച്ചു. എന്തുണ്ടായി? കേസിൽ പ്രതിയായ ആളുകളെ ചികിൽസാർത്ഥം ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവരെ തുറന്നുവിട്ടിരു

LIBRARY ARCHIVES Kerala Legislative Assembly

ന്നു. പരാതി കിട്ടിയിട്ട് ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് അന്വേഷിച്ച് ആശുപത്രിയിൽ പോയി. എന്താണ് സംഭവിച്ചത്? അവിടെ കാവൽ നിന്നിരുന്ന പോലീസുകാർക്ക് യൂണിഫോം ഇല്ല. പ്രതികൾ എല്ലാം സർവസ്വതന്ത്രമായി ചുറ്റി നടക്കുന്നു. ഇതെന്താണെന്ന് അന്വേഷിച്ചപ്പോൾ മൂത്രപരിശോധനയ്ക്കും സ്കാനിംഗിനുമായി അവരെ വിട്ടിരിക്കുന്നുവെന്നാണ് പറഞ്ഞത്. കഞ്ചക്കോട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പാണ്ടിത്തിട്ടയിൽ ഒരു രഹസ്യ ഗോഡൗൺ പിടിച്ചു. അന്നത്തെ ജില്ലാ കളക്ടർ റെയ്ഡ് അവിടെ റെയ്ഡ് ചെയ്തു. 65,000 ലിറ്റർ സ്പിരിറ്റ് പിടിച്ചു. അവസാനം വന്ന കണക്കിൽ 65,000 ലിറ്റർ എന്നത് 5495 ലിറ്ററായി മാറി. കണ്ണൂർ ജില്ലയിൽ കർണ്ണാടക അതിർത്തിയിൽ പോത്തിന്റെ പുറത്ത് തുണിയിൽ കെട്ടി ചാരായം വരുന്നില്ലേ? ആര്യനാട് ആനക്കയത്ത് ആന പടക്കം കടിച്ച് മരിച്ചു. കാലിൽ അള്ള് കൊണ്ട് ആന വളരെ സീരിയസ്സായി പരിക്കേറ്റ് ചികിൽസയിലായിരുന്നു. ഈ ഭരണത്തിൻ കീഴിൽ കാട്ടുമൃഗങ്ങൾക്കുപോലും രക്ഷയില്ല. ഇതിലെല്ലാം നടപടിയുണ്ടാകണം. ഇത് ഒരു ഗവൺമെന്റിന്റെ മാത്രം പ്രശ്നമല്ല. സാമൂഹ്യ സാംസ്ക്കാരിക കേരളത്തെ മുഴുവൻ ബാധിക്കുന്ന ഒരു പ്രശ്നമാണെന്നുള്ള നിലക്ക് ശക്തമായ നടപടികളെടുക്കണം. നെയ്യാറ്റിൻകര അമരവിള ചെക്ക് പോസ്റ്റ് അതിർത്തിയാണ്, അവിടെ നടക്കുന്ന അഴിമതിയെന്താണെന് അറിയാമോ? അവിടെ Red day യും Black day യുമുണ്ട്. റെഡ് ഡേ എന്നുപറഞ്ഞാൽ ശനിയാഴ്ച ദിവസം ചെക്ക് പോസ്റ്റിൽ ഇഷ്ടംപോലെ സ്പിരിറ്റ് വരും ഒരു പ്രശ്നവുമില്ല. ബ്ലാക്ക് ഡേ എന്നാൽ ബുധനാഴ്ചയാണ്. ബുധനാഴ്ച ബ്ളാക്ക് ഡേ, ശനിയാഴ്ച റെഡ് ഡേ. ഈ രണ്ടുദിവസങ്ങളിലും ചെക്ക് പോസ്റ്റുകളിൽ പരിശോധന ഇല്ല. ഇതിനെതിരെ ശക്തമായ നടപടി വേണം. കേരളത്തിന്റെ സംസ്ക്കാരം തകർന്നിരിക്കുകയാണ്. ചെറുപ്പക്കാർ വഴിതെറ്റുകയാണ്. ക്രിസ്തുമസും പുതുവൽസരദിവസവും വരാൻ പോകുന്നു. ഈ റെഡ് ഡേയും ബ്ളാക്ക് ഡേയുമായി ചെക്ക് പോസ്റ്റ് തുറക്കുന്നു. ഞാൻ ആവശ്യപ്പെടുന്നത് ഇതിനെതിരെ ശക്തമായ നടപടിയുണ്ടാകണം എന്നാണ്. ബഹുമാനപ്പെട്ട ശിവദാസമേനോൻ ഈ വകുപ്പിന്റെ ചുമതലയിൽ വന്നപ്പോൾ ഞങ്ങൾക്കൊക്കെ വലിയ പ്രതീക്ഷയുണ്ടായിരുന്നു. അങ്ങ് ക്ഷമിക്കണം. വ്യാജവാറ്റ് നേരിടുന്ന കാര്യത്തിൽ അങ്ങും അങ്ങയുടെ ഗവൺമെന്റും ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. വ്യാജവാറ്റും വ്യാജമദ്യ വിതരണവും നിർത്തലാക്കാൻ അടിയന്തിരനടപടി സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, നമ്മുടെ സംസ്ഥാനത്ത് സാമൂഹികമായി വളരെയധികം ആപത്ത് ഉണ്ടാക്കുന്ന, എത്രയും പെട്ടെന്ന് അവസാനിപ്പിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ചാണ് ശ്രീ. തമ്പാനൂർ രവി ഈ സഭയുടെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത്. വ്യാജമദ്യവും വ്യാജവാറ്റും കണ്ടുപിടിക്കാനും അത് അവസാനിപ്പിക്കുന്നതിനും കുറ്റവാളികളെ കർശനമായി ശിക്ഷിക്കുന്നതിനും പൊതുജനസഹായത്തോടുകൂടി എക്സൈസ്, പോലീസ് ഡിപ്പാർട്ടുമെന്റുകൾ വളരെ ശക്തമായി പ്രവർത്തിക്കുന്നുണ്ട്. അതിൽ വീഴ്ചകളും പോരായ്മകളും കോട്ടങ്ങളും ഉണ്ടാകാം. പോലീസ് എത്ര ശക്തമായി പ്രവർത്തിച്ചാലും മോഷണങ്ങളും കൊലപാതകങ്ങളും നടക്കും; അത് നടന്നുകൊണ്ടിരിക്കും. ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽ ഒന്നുരണ്ടു കാര്യങ്ങൾ മാത്രമേ അംഗീകരിക്കാനാവാത്തതുള്ളൂ. ഇവിടെ ഈ വകുപ്പിനെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഭരണഘടനാപരമായ ഉത്തരവാദിത്വം എനിക്കാണല്ലോ. മദ്യമാഫിയയുടെ നിയന്ത്രണത്തിൽ കുടുങ്ങിയിരിക്കുന്നു. ഭരിക്കുന്നവർ അതിന് കൂട്ടുനിൽക്കുന്നു എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ ബഹുമാനപ്പെട്ട അംഗം ഇവിടെ പരാമർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ തെറ്റായ ധാരണകൊണ്ടോ അല്ലെങ്കിൽ കുറേ കൊല്ലങ്ങൾക്കു മുമ്പുണ്ടായ സംഭവങ്ങൾ ആധാരമാക്കിയോ ആയിരിക്കാം അദ്ദേഹം അങ്ങനെ പരാമർശിച്ചത്. എന്തുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ ചിന്തിച്ചതെന്നുള്ള കാര്യം എനിക്കറിയില്ല. ഇവിടത്തെ മദ്യരാജാക്കൻമാരോട് എനിക്ക് വ്യക്തിപരമായി യാതൊരു വിരോധവുമില്ല പക്ഷെ അവരൊക്കെ മാസങ്ങളോളം ലോക്കപ്പും ജയിലറയും കണ്ടത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. അല്ലെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? അവരെ മുഖം നോക്കാതെ പിടിക്കാനും പോലീസ് കസ്റ്റഡിയിൽ 15 ദിവസം നിർത്താനുമുള്ള കർശനമായ നടപടികൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഏത് പ്രമാണിയായാലും ഏതു മാഫിയാ തലവനായാലും ഒരാളെയും ഒഴിവാക്കിയിട്ടില്ല. ആളുകളുടെ പേരുകൾ പറയുന്നത് ശരിയല്ലാത്തതുകൊണ്ട് ഇവിടെ പറയുന്നില്ല. ഇന്നേവരെ ജയിൽ കണ്ടിട്ടില്ലാത്തവർ ഇപ്പോൾ ജയിൽ കണ്ടില്ലേ? ലോക്കപ്പ് കണ്ടില്ലേ? അവർക്കെതിരെ ഇപ്പോൾ കേസ് ഇല്ലേ? ഞാൻ ഇക്കാര്യങ്ങളെല്ലാം ശക്തമായി എതിർത്തതാണ്. പക്ഷേ ഹൈക്കോടതി ജാമ്യം കൊടുത്തതിന് എനിക്ക് എന്ത് ചെയ്യാനാകും? ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രശ്നം സീരിയസായിട്ടുള്ളതാണ്. ആ പ്രശ്നം ശ്രദ്ധയിൽ കൊണ്ടുവന്നതിന് നന്ദി. പക്ഷേ ഇതൊക്കെ വളരെ സമ്പൂർണ്ണമാണ്. സംപൂജ്യമാണ് എന്നൊക്കെ പറയാൻ ഞാൻ ആളല്ല. ഇത്തരം കാര്യങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്. അത് തടയുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ എന്തൊക്കെയാണെന്നാണ് ഞാൻ മറുപടിയായി പറയുന്നത്. ഇപ്പോൾ പാരലൽ ഇക്കണോമിക് സ്ട്രക്ച്ചർ രാജ്യത്ത് ഉണ്ടാക്കിയിട്ടുണ്ട്. അത് ജസ്റ്റീസ് വാഞ്ചു കമ്മിഷൻ റിപ്പോർട്ടിലെ പരാമർശമാണ്. "Black money of India has created a parallal economic structure." അത് മാഫിയ സംഘത്തിന്റേതല്ല. വളരെ ക്രിയാത്മകമായ രീതിയിൽ ഞാൻ ആ പ്രശ്നം കൈകാര്യം ചെയ്തിട്ടുണ്ട്. ഒന്ന് രണ്ട് തെറ്റിദ്ധാരണകൾ നീക്കാനുള്ള ഉത്തരവാദിത്വം ഉള്ളതുകൊണ്ട് ഇക്കാര്യം ഞാൻ പറഞ്ഞുവെന്നേയുള്ളൂ. വ്യാജവാറ്റും വ്യാജമദ്യവും സംസ്ഥാനത്ത് സാർവ്വത്രികമായെന്നും മദ്യ മാഫിയകളുടെ പ്രവർത്തനം സംസ്ഥാനത്ത് സജീവമായെന്നുമുള്ള പ്രസ്താവന അതിശയോക്തി കലർന്നതാണ്. സംസ്ഥാനത്ത് വ്യാജവാറ്റും വ്യാജമദ്യവും ഇല്ലാതാക്കുന്നതിനുവേണ്ടി ഈ സർക്കാർ ശക്തമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എക്സൈസ്-പോലീസ് വകുപ്പുകൾ അബ്കാരി കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ടി ശക്തമായ റെയ്ഡുകൾ നടത്തുന്നുണ്ട്. വ്യാജമദ്യത്തിന്റെ കള്ളക്കടത്ത് തടയുന്നതിനുവേണ്ടി വാഹനപരിശോധന കർശനമാക്കുകയും രാത്രികാല പട്രോളിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിലെ വാഹനപരിശോധന കുറ്റമറ്റതാക്കിയിട്ടുണ്ട്. അതിൽ എന്തെങ്കിലും കുറവുകൾ വന്നിട്ടുണ്ടെങ്കിൽ ഇനിയും നടപടി എടുക്കാം. കൂടാതെ ചാരായ നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാന-ജില്ല-ബ്ളോക്ക് തലങ്ങളിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അബ്കാരി കുറ്റകൃത്യങ്ങൾ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി 3.6.1997 മുതൽ അബ്കാരി കുറ്റകൃത്യങ്ങളിൽ ശിക്ഷ വർദ്ധിപ്പിക്കുകയും വ്യാജമദ്യ ഉല്പാദനവും വില്പനയുമായി ബന്ധപ്പെട്ട എല്ലാ കേസ്സുകളും ജാമ്യമില്ലാ കുറ്റങ്ങളാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം കുറ്റങ്ങൾക്ക് തടവും പിഴയും ഒരുമിച്ച് ലഭിക്കത്തക്കരീതിയിൽ നിയമനിർമ്മാണം നടത്തി. ഇത്തരത്തിലുള്ള കുറ്റങ്ങൾക്ക് ഒരു ലക്ഷം രൂപയിൽ കുറയാത്ത പിഴയും 10 വർഷംവരെ നീളാവുന്ന തടവുശിക്ഷയും ലഭിക്കാവുന്ന ഭേദഗതി ഈ സഭ പാസ്സാക്കിയിട്ടുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള റെയ്ഡുകളുടേയും രജിസ്റ്റർ ചെയ്ത കേസ്സുകളുടേയും കണക്ക് ഇനി പറയും പ്രകാരമാണ്. എക്സൈസ് വകുപ്പ് 30.11.1999 വരെ 2,21,568 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. അബ്കാരി കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച

LIBRARY ARCHIVES Kerala Legislative Assembly

തിന്റെ ഫലമായി 1997- ൽ എക്സൈസ് വകുപ്പ് 6434 കേസ്സുകളും പോലീസ് വകുപ്പ് 5461 കേസ്സുകളും കണ്ടുപിടിച്ചിട്ടുണ്ട്. പോലീസ് വകുപ്പും എക്സൈസ് വകുപ്പുംകൂടി 11,895 കേസുകളാണ് 1997-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 1998-ൽ എക്സൈസ് വകുപ്പ് 3936 കേസ്സുകളും പോലീസ് വകുപ്പ് 5032 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപ്രകാരം 1998- ൽ ആകെ 8968 കേസ്സുകൾ എടുത്തിട്ടുണ്ട്. 1999-ൽ (30.11.1999 വരെ) എക്സൈസ് വകുപ്പ് 4000 കേസുകളും പോലീസ് വകുപ്പ് 5560 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആകെ 9560 കേസ്സുകളാണ് 30.11.1999 വരെ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1126 വാഹനങ്ങൾ അബ്കാരി കേസ്സുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തിട്ടുണ്ട്. 1997 - ൽ എക്സൈസ് വകുപ്പ് 51011 ലിറ്റർ സ്പിരിറ്റും 1998 - ൽ 64,818 ലിറ്റർ സ്പിരിറ്റും 30.11.1999 വരെ 1,47,244 ലിറ്റർ സ്പിരിറ്റും കണ്ടുപിടിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് 1997-ൽ 24,471 ലിറ്റർ ചാരായവും, 1998-ൽ 17,352 ലിറ്റർ ചാരായവും 1999-ൽ (30.11.1999 വരെ) 52,816 ലിറ്റർ ചാരായവും പിടിച്ചെടുത്തിട്ടുണ്ട്. കൂടാതെ 1997- ൽ 59,882 ലിറ്റർ വിദേശമദ്യവും 1998-ൽ 80,318 ലിറ്റർ അനധികൃത വിദേശമദ്യവും, 1999 -ൽ (30.11.1999 വരെ) 69,203 ലിറ്റർ വിദേശമദ്യവും എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്. 1997-ൽ 5,28,399 ലിറ്റർ വാഷും 1998-ൽ 445,764 ലിറ്റർ വാഷും 1999-ൽ (30.11.1999)വരെ 2,34,095 ലിറ്റർ വാഷും കണ്ടെടുത്ത് നശിപ്പിച്ചിട്ടുണ്ട്. അബ്കാരി ആക്ടിലെ പഴുതുകളടച്ച് അത് കുറ്റമറ്റതാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേന്ദ്ര ട്രേഡ് യൂണിയൻ തൊഴിലാളി നേതാക്കന്മാരേയും ഉദ്യോഗസ്ഥന്മാരേയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് ലഭിച്ചുകഴിഞ്ഞാൽ പരിശോധിച്ച്, ആവശ്യമെന്നുകണ്ടാൽ അബ്കാരി ആക്ട് കാലോചിതമായി കുറ്റമറ്റതായി പരിഷ്ക്കരിക്കുന്നതാണ്. ഇത് വളരെ പഴയ ആക്ടാണ്. എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 252 പ്രിവന്റീവ് ഓഫീസർമാർക്ക് പോലീസ് ട്രെയിനിംഗ് കോളേജിൽവച്ച് പോലീസുകാർക്ക് കൊടുക്കുന്നതു പോലെ ഒരു തീവ്ര പരിശീലനം നൽകി, അവരുടെ പാസ്സിംഗ് ഔട്ട് പരേഡ് കഴിഞ്ഞിരിക്കുകയാണ്. കൂടാതെ മദ്യത്തിനും മയക്കുമരുന്നിനും എതിരെ സന്നദ്ധ സാമൂഹ്യ സംഘടനകൾ നടത്തുന്ന ബോധവൽക്കരണം, ചികിത്സ ഉൾപ്പെടെയുള്ള എല്ലാ പരിപാടികൾക്കും സാമ്പത്തികസഹായം നൽകുന്ന പദ്ധതികൾക്ക് രൂപം നൽകിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി കോലഞ്ചേരി മിഷൻ ഹോസ്പിറ്റലിൽ ഡീ-അഡിക്ഷൻ ചികിത്സയ്ക്ക് നല്ലൊരു വാർഡിന് 5 ലക്ഷം രൂപ കൊടുക്കുകയുണ്ടായി. അവർ അത് നല്ലരീതിയിൽ നടത്തുന്നുണ്ട്. വ്യാജവാറ്റും വ്യാജമദ്യവും സംസ്ഥാനത്ത് ഇല്ലാതാക്കുന്നതിനുവേണ്ടി തുടർന്നും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ പാലക്കാട്ടെ അട്ടപ്പാടി സമ്പൂർണ്ണ മദ്യ നിരോധന മേഖലയാക്കി. ഇപ്പോൾ അവിടെയാണ് മദ്യം ധാരാളമായി ഉള്ളതെന്നാണ് കേൾക്കുന്നത്. അതുകൊണ്ട് അട്ടപ്പാടിയിൽ മാത്രമായി ഒരു സ്പെഷ്യൽ എക്സൈസ് റെയിഞ്ച് ഓഫീസ് തുടങ്ങി. അവിടെ ശക്തമായ റെയിഡ് നടത്തിയിട്ടും ഇപ്പോഴും മദ്യം ഉണ്ട്. അതിൽ വേറൊരു പ്രശ്നം എന്തെന്നുവച്ചാൽ പലരും ആദിവാസികളെ മുന്നിൽ നിർത്തും. വല്ലവരും വെട്ടാൻ വരുമ്പോൾ കുട്ടിയെ എടുത്തു തടുക്കുന്നതുപോലെ ഏതു പ്രശ്നത്തിനും ആദിവാസികളെ പിടിച്ച് മുന്നിൽ നിർത്തും. പിന്നിൽ അതിന്റെ കിങ്കരന്മാർ ഉണ്ടാകും. ആദിവാസികളെ എന്തെങ്കിലും ചെയ്താൽ atrocities aganist Harijans എന്നാകും. പിന്നെ പോലീസുകാർക്ക് രക്ഷയില്ല. അങ്ങനെ പല പ്രശ്നങ്ങളും അട്ടപ്പാടിയിലുണ്ട്. അട്ടപ്പാടി സമ്പൂർണ്ണമായി മദ്യവിമുക്തമാക്കാൻ ഒരു സ്പെഷ്യൽ എക്സൈസ്-പോലീസ് സ്കാഡ് കോംബിങ് ഓപ്പറേഷൻ നടത്താൻ പോവുകയാണ്. അതിൽ ആരെങ്കിലും പെട്ടുപോയിട്ട് ക്രൂര

LIBRARY ARCHIVES Kerala Legislative Assembly

മായ മർദ്ദനം നടത്തിയെന്ന് പറഞ്ഞിട്ടൊന്നും കാര്യമില്ല. നല്ല കോംബിംങ് ഓപ്പറേഷൻ നടത്തും. ഞാൻ ഈ അസംബ്ലിയിൽ വാക്ക് തരുന്നു. പോലീസ്-എക്സൈസ് ഫോഴ്സുകൾ ഉൾപ്പെടുത്തി ഒരു സ്കാഡ് രൂപീകരിച്ച് കോംബിംഗ് ഓപ്പറേഷൻ നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് നടത്തും. പിന്നെ കുറേ ബോധവൽക്കരണവും ആവശ്യമാണ്. ഇതെല്ലാം നടത്തി വ്യാജമദ്യം കൂടുതൽ നിയന്ത്രിക്കുന്നതാണ്. ഞാൻ പറഞ്ഞ കണക്ക് നോക്കിയാൽ എക്സൈസ് വകുപ്പ് ചുമ്മാതിരിക്കുകയാണോ? ഇത് യഥാർത്ഥമായ കേസ്സുകളാണല്ലോ. അസംബ്ലിയിൽ കള്ളം പറയാൻ പറ്റില്ലല്ലോ. ഇതെല്ലാം ഒഫീഷ്യൽ ഫയലിൽ നിന്നാണല്ലോ പറയുന്നത്. ഓരോ പത്രവും വായിച്ചാൽ തിരുവനന്തപുരത്ത് എത്ര പിടിച്ചിട്ടുണ്ടെന്നറിയാം. അതേസമയം പഴയ പത്രം ഞാൻ ഇവിടെ ഹാജരാക്കിയാൽ..... നല്ല ഒരു ചർച്ച നടക്കേണ്ടതുകൊണ്ട് അതിനെ മലിനപ്പെടുത്തുന്നില്ല. പഴയ പത്രം നോക്കിയാൽ സ്പിരിറ്റ് കള്ളക്കടത്തിനെ സംബന്ധിച്ച് ഭരണകക്ഷി നേതാക്കന്മാർ തന്നെ ഭരണകക്ഷിയിലെ നേതാക്കന്മാർക്ക് മെമ്മോറാണ്ടം കൊടുക്കുന്ന ഫോട്ടോ സഹിതം കാണാം. പത്രങ്ങൾ വേണമെങ്കിൽ ഞാൻ ഹാജരാക്കാം. പക്ഷേ അതിനൊന്നും നിൽക്കുന്നില്ല. സ്പിരിറ്റ് ഒഴുകുന്നുവെന്ന് പറഞ്ഞുകൊണ്ട്, അതിൽ ഇന്ന ആൾക്കാർ പിന്നാലെ നിൽക്കുന്നുവെന്ന് പറഞ്ഞിട്ട് ചില മനസ്സാക്ഷിയുള്ളവർ കൊണ്ടുപോയി മനസ്സാക്ഷിയുള്ള നേതാക്കന്മാർക്ക് കൊടുത്തു. നേതാവിന്റെ പേരും കൊടുത്തയാളിന്റെ പേരും ഞാൻ പറയുന്നില്ല. നിങ്ങൾക്കൊക്കെ അറിയാവുന്നതാണ്. സബ്ജക്ട് കമ്മിറ്റിക്ക് കൊടുത്തതല്ലേ? പാലക്കാട് കളക്ടറേറ്റിൽ സബ്ജക്ട് കമ്മിറ്റി യോഗം കൂടിയപ്പോൾ പ്രതിപക്ഷങ്ങളും ഭരണകക്ഷികളും കൊടുത്തു. മനോരമ, മാതൃഭൂമി തുടങ്ങി എല്ലാ പത്രങ്ങളും അത് ഫ്ളാഷ് ചെയതതല്ലേ? അപ്പോൾ ആരാണ് അതിന് കൂട്ടുനിന്നത്? അതിനെതിരെ ആക്ഷനെടുത്തിട്ടുണ്ട്. ഇപ്പോൾ എത്രയാളുകൾ ജയിലിലായി എന്നറിയുമോ? നിരവധിയാളുകൾ ജയിലിൽ ഇപ്പോൾ ജാമ്യമില്ലാതെ കിടക്കുകയാണ്. പണ്ടൊക്കെ രാവിലെ പിടിച്ചാൽ ലഞ്ചിനു വിടും. ലഞ്ച് കഴിഞ്ഞു പിടിച്ചാൽ ഫസ്റ്റ്ഷോയ്ക്ക് വിടും. ഇപ്പോൾ പിടിച്ചാൽ അവിടെ കിടക്കേണ്ടിവരും. ലാഘവബുദ്ധിയോടുകൂടിയാണോ ഈ പ്രശ്നം നമ്മൾ ഇവിടെ കണ്ടത്? എത്ര ഗൗരവമായാണ് കണ്ടത്! പക്ഷേ എല്ലാം നേടിക്കഴിഞ്ഞു, സമ്പൂർണ്ണമാണ് എന്ന് പറയുന്നില്ല. ഇനിയും കുറ്റങ്ങളും കുറവുകളുമൊക്കെയുണ്ട്. മാഫിയാ സംഘം ശക്തമാണ്. വാക്കിടോക്കി വരെ ഉണ്ട്. ആ രീതിയിൽ വളരെ ആധുനിക സജ്ജീകരണത്തോടുകൂടിയ സംവിധാനങ്ങളുണ്ട്. അത് നിയന്ത്രിക്കാൻ കർശന നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. മി.ജേക്കബ് പറഞ്ഞു, ഒരു സ്ഥലത്ത് എന്റെ കൂടെ വരാമെന്ന്. പിന്നെ പറഞ്ഞു വരുന്നില്ല സ്ഥലം കാണിച്ചുതരാമെന്ന്. അവിടെ കാത്തുനിന്ന് ആളെ പിടിച്ചു.

<u>ശ്രീ. തമ്പാനൂർ രവി</u> : വ്യാജ സ്പിരിറ്റ് കൂടുതൽ ഒഴുകുന്നത് അതിർത്തി പ്രദേശങ്ങളിലെ ചെക്ക്പോസ്റ്റിൽ കൂടിയാണ്. ചെക്ക്പോസ്റ്റ് സ്ട്രെങ്തൻ ചെയ്യണം. അതോടൊപ്പം ന്യൂ ഇയർ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷങ്ങൾ വരുമ്പോൾ വ്യാജമദ്യ ഒഴുക്ക് വളരെ കൂടും. അത് നിയന്ത്രിക്കാൻ എന്ത് കർശന നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ആഗ്രഹിക്കുന്നത്?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഓണം, ക്രിസ്തുമസ്, ന്യൂ ഇയർ തുടങ്ങിയ ഫെസ്റ്റിവെൽ സീസണിൽ ജില്ലാ നിലവാരത്തിലുള്ള പോലീസ്-എക്സൈസ്കാരെ പ്രത്യേകമായി വിളിച്ച് സ്പെഷ്യൽ ഇൻസ്ട്രക്ഷൻ കൊടുത്ത് അതിന് പ്രത്യേക സംവിധാനത്തിൽ എല്ലാ തവണയും ഏർപ്പാട് ചെയ്യാറുണ്ട്.

<u>മി. സ്പീക്കർ</u> : സമയം വളരെ വൈകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ പറയുന്നത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. എനിക്കതൊന്നു വ്യക്തമായി പറയണ്ടേ? എന്താ ചെയ്തതെന്ന് പറഞ്ഞെന്നു മാത്രമേയുള്ളൂ.

മി. സ്പീക്കർ : അങ്ങയുടെ കാര്യമല്ല. രണ്ട് കാളിംഗ് അറ്റൻഷനും കൂടി ഒരു മണിക്കൂർ സമയം എടുത്തു. അക്കാര്യം പറഞ്ഞു എന്നേയുള്ളൂ.

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ അവസാനിപ്പിച്ചു.

V. റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. കെ. പ്രകാശ് ബാബു : സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

സെലക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ[†] പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, 1969-ൽ കേരള നിയമസഭ പാസ്സാക്കിയ ഒരു നിയമത്തെ അടിസ്ഥാനമാക്കിക്കൊണ്ടാണ് കേരളത്തിലെ സഹകരണ മേഖല പ്രവർത്തിച്ചുവരുന്നത്. 1969-ൽ പാസ്സാക്കിയ നിയമത്തിൽ ശാസ്ത്രീയവും കാലോചിതവുമായ പരിഷ്ക്കാരങ്ങളും മാറ്റങ്ങളും ആവശ്യമാണെന്ന അഭിപ്രായം രാഷ്ട്രീയഭേദമെന്യേ കേരളത്തിലെ സഹകാരികൾ കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി രേഖപ്പെടുത്തി വരികയായിരുന്നു. ഈ ആവശ്യം ഏറ്റവും ശരിയും, യുക്തിഭദ്രവുമാണെന്ന് കണ്ട് കഴിഞ്ഞ രണ്ട് വർഷത്തിനു മുമ്പ്തന്നെ അന്ന് ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. പിണറായി വിജയൻ മുൻകൈയെടുത്ത് പ്രൈമറി സംഘങ്ങളെക്കുറിച്ചും, ജില്ലാ ബാങ്കുകളെക്കുറിച്ചും അതുപോലെ ഹോസ്പിറ്റൽ സംഘങ്ങളെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മിറ്റികളെ നിയോഗിച്ചു. അത്തരത്തിൽ നിയോഗിക്കപ്പെട്ടിരുന്ന കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടുകളും വി.രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ടും ഗവൺമെന്റ് പരിശോധനയ്ക്ക് വിധേയമാക്കി. തുടർന്ന് കേരളത്തിലെ സഹകാരികളുടെ ഒരു വർക്ക്ഷോപ്പ് നിയമനിർമ്മാണത്തിനുവേണ്ടി സംഘടിപ്പിക്കുകയുണ്ടായി. ആ വർക്ക്ഷോപ്പിൽ നിലവിലുള്ള നിയമം ചർച്ചയ്ക്കെടുത്തു. അവിടെ ഉയർന്നു വന്ന ക്രിയാത്മകമായ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും പരിഗണിച്ചായിരുന്നു 1999 ഫെബ്രുവരി 26-ന് നിയമസഭയിൽ ബിൽ അവതരിപ്പിച്ചത്. പൊതുജനാഭി

[†] അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly